**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡീഷണൽ ഡയറക്ടർ (മെഡിക്കൽ & ഹോസ്പിറ്റൽ**
**അഡ്മിനിസ്ട്രേഷൻ) നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം- സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഒപ്റ്റോമെടിസ്റ്റ് ഗ്രേഡ് II തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. സ.ഉ(അ)നം.45/91/ഉഭപവ തീയതി.30.12.1991
2. സ.ഉ (അ)നം.12/99/ഉഭപവ തീയതി 24.05.1999
3. സ.ഉ (അ)നം.33/2014/ഉഭപവ തീയതി 26.09.2014
4. സ.ഉ (കൈ)നം.5/2018/ഉഭപവ തീയതി.21.02.2018
5. സ.ഉ (അ)നം.12/2023/ഉഭപവ തീയതി 14.07.2023
6. സ.ഉ(കൈ)നം.21/2023/ഉഭപവ തീയതി 09.11.2023
7. സ.ഉ(കൈ)നം.144/2025/H&FWD തീയതി 14.05.2025
8. Note No. DHS/21960/2023-EH2 Dated 20.05.2025
9. ശ്രീമതി. അർത്ഥന.എസ് സമർപ്പിച്ച അപേക്ഷ തീയതി 26.05.2025

**ഉത്തരവ് നം: DHS/13404/2025-EF4 തീയതി:** 21-06-2025

---

ആരോഗ്യ വകുപ്പിൽ വർക്കല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ

സ്റ്റാഫ് നഴ്സ് ഗ്രേഡ് I ആയി ജോലി ചെയ്തു വരവേ മരണപ്പെട്ട ശ്രീമതി സരിത.പി.എസ് ന്റെ മകളായ കുമാരി അർത്ഥന എസ് ന് സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ തന്നെ നിയമനം നൽകുന്നതിന് പരാമർശം (7) പ്രകാരം ഉത്തരവായിരിക്കുന്നു.

പരാമർശം (9) പ്രകാരം കുമാരി അർത്ഥന .എസ് തിരുവനന്തപുരം ജില്ലയിൽ ഒഴിവ് വരുന്ന വർക്കല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുമാരി അർത്ഥന എസ് ന് ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II തസ്തികയിലേക്ക് രൂപ **35600-75400/-**എന്ന ശമ്പള സ്കെയിലിൽ വർക്കല താലൂക്ക് ആസ്ഥാന ആശുപത്രിയിലെ നിലവിലെ ഒഴിവിൽ നിയമനം നൽകി ഉത്തരവാകുന്നു.

സംസ്ഥാന സർക്കാർ സർവ്വീസിലെ അസിസ്റ്റന്റ് ഡയറക്ടർ /കൺസൾട്ടന്റ്/ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകിയ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് വയസ്സ്, വിദ്യാഭ്യാസ യോഗ്യത,സ്വഭാവം, തുടങ്ങിയവ തെളിയിക്കുന്ന രേഖകൾ, സംസ്ഥാന സർവ്വീസിലെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷകന്റെ സമീപകാല പാസ് പ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം നിയമനാധികാരിയായ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ മുമ്പാകെ സമർപ്പിച്ച് 15 ദിവസത്തിനകം ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

ആശ്രിത നിയമനം ലഭിച്ച അർത്ഥന.എസ് പരാമർശ ഉത്തരവ് (7) ലെ ആശ്രിത നിയമനം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കേണ്ടതാണ് . ആയത് ലംഘിക്കുന്ന പക്ഷം പരാമർശം (7) ഉത്തരവിലെ 5(x) പ്രകാരമുള്ള നടപടികൾ ടിയാനെതിരെ സ്വീകരിക്കുന്നതാണ്.

ഉദ്യോഗാർത്ഥി സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുകയോ ഉത്തരവ് തെറ്റായാണ് പുറപ്പെടുവിച്ചതെന്നു ബോദ്ധ്യമാവുകയോ ചെയ്താൽ നിയമന ഉത്തരവ് റദ്ദ് ചെയ്യാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കും. സേവന പുസ്തകത്തിൽ ജനന തീയതിയിൽ തിരുത്തൽ വരുത്തേണ്ടതുണ്ടെങ്കിൽ പരാമർശം (1)ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള

വ്യവസ്ഥകളെല്ലാം പാലിക്കേണ്ടതാണ്.

Signed by
A P Dinesh Kumar
Date: 21-06-2025 15:44:09

ഡോ. ദിനേശ് കുമാർ.എ.പി
ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ
(മെഡിക്കൽ &ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ)

സ്വീകർത്താവ്

കുമാരി അർത്ഥന .എസ്
വില്വമംഗലം, പുത്തൻചന്ത
വർക്കല.പി.ഒ, തിരുവനന്തപുരം-695141

പകർപ്പ്

1. അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബ ക്ഷേമവകുപ്പ്
2. ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം
3. സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി,
   വർക്കല, തിരുവനന്തപുരം
4. ഫയൽ/സ്റ്റോക്ക് ഫയൽ